**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1833

16.06.2014 - ൽ
മറുപടിയ്ക്ക്

## അശ്വാരൂഢ സേനയുടെ സേവനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് അശ്വാരൂഢ സേനയിൽ നിക്ഷിപ്തമായിരിക്കുന്ന സേവനം സംബന്ധിച്ച വിശദവിവരം നൽകുമോ ; | (എ) | സ്വാതന്ത്ര്യദിന/റിപ്പബ്ലിക്ദിന പരേഡിനും, സർക്കാർ നടത്തുന്ന ആഘോഷ പരിപാടികൾക്കും, വി.ഐ.പി/ വി.വി.ഐ.പി. എന്നിവരുടെ എസ്കോർട്ട് ഡ്യൂട്ടികൾക്കും തിരുവനന്തപുരം നഗരത്തിലെ രാത്രികാല പട്രോളിംഗിനും, വർഷത്തിൽ രണ്ടു തവണ നടക്കുന്ന പത്മനാഭസ്വാമി ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ചുള്ള ആറാട്ടിനും തിരുവനന്തപുരം സിറ്റി പോലീസിന് കീഴിലുള്ള അശ്വാരൂഢസേനയെ ഉപയോഗപ്പെടുത്തിവരുന്നു. |
| (ബി) നിലവിൽ അശ്വാരൂഢ സേനയെ നവീകരിക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ; | (ബി) | അശ്വാരൂഢ സേനയെ നവീകരിക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം 3 കുതിരകളെ ₹ 6,26,906/- (ആറു ലക്ഷത്തി ഇരുപത്തി ആറായിരത്തി തൊള്ളായിരത്തി ആറ് രൂപ) ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. |
| (സി) അശ്വാരൂഢ സേനയെ ഉപയോഗിച്ച് പട്രോളിംഗ് ശക്തമാക്കുന്നതിനായി പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (സി) | പുതിയ മാർഗ്ഗനിർദ്ദേശങ്ങളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ